ശ്രീ. ഈ പി. പൗലോസ് : ഈ സ്കീസ് പ്രോജക്ട് തന്നെ ഒരു റിസർച്ച് സ്കീമാണ്. അതുപോലെതന്നെ പീരുമേട്ടിൽ, ഇപ്പോഴും ചുരുങ്ങിയ തോതിലാണെങ്കിലും, സ്ഥാപിക്കാനുദ്ദേശിക്കുന്ന ഫാമിൽ റിസർച്ചുകൂടി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ പ്രത്യേകമായി പരീക്ഷണം നടത്തുന്നതിന് സെൻറർതൊന്നും ഏർപ്പെടുത്തിയിട്ടില്ല. കഴിവുള്ളിടത്തോളം ഈ ഫാമുകളിൽ നല്ലയിനം ഉല്പാദിപ്പിക്കുന്നതിനുള്ള പരിശ്രമമാണ് നടത്തുന്നത്.

കടലാക്രമണനിവാരണം.

* 643. [10] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കടലാക്രമണനിവാരണത്തിനായി 1963-64 വർഷത്തേക്ക് എത്ര സംഖ്യ അനുവദിച്ചു; ഇതിൽ എത്ര സംഖ്യ ചെലവഴിച്ചു;

(ബി) കൊട്ടങ്ങല്ലൂർ-അഴിക്കോട് കടലാക്രമണ നിരോധനത്തിനായി നീക്കിവച്ച തുക എത്ര ;

(സി) പ്രസ്തുത സംഖ്യ അവിടെ ചെലവഴിക്കാതെ മറ്റു വല്ല സ്ഥലത്തെ പണികൾക്കും നീക്കിവയ്ക്കുകയുണ്ടായോ ;

(ഡി) ഇങ്ങനെ ചെയ്യുന്നതിനെ ആക്ഷേപിച്ചുകൊണ്ട് ഗവണ്മെൻറിലേക്ക് വല്ല നിവേദനവും കിട്ടുകയുണ്ടായോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ)

(എ) കടലാക്രമണ നിവാരണത്തിനായി ഈ സാമ്പത്തികവർഷം 89,74,600 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1964 ജനുവരിവരെ 49,42,548 രൂപ 80 നയാപൈസ ചെലവായിട്ടുണ്ട്.

(ബി) പതിനായിരം രൂപ.

(സി) ഇല്ല.

(ഡി) കിട്ടിയിട്ടുണ്ട്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : വെള്ളപ്പൊക്കം കാരണം നദികളുടെ കരയിലെ വളരെയധികം സ്ഥലം ഇടിഞ്ഞുപോകുന്നുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളെ സംരക്ഷിക്കാൻവേണ്ടി വല്ല പ്രത്യേക നടപടിയും ഗവണ്മെൻറ് എടുക്കുന്നുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഇവിടെ ചോദ്യം സീ ഇറോഷനെ സംബന്ധിച്ചാണ്. ഇപ്പോൾ പറഞ്ഞ കാര്യം ഫ്ളഡ് കൺട്രോൾ വർക്കാണ്. പ്രത്യേകമായി ഈ കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെടുത്തിയാൽ ഇതിനെ സംഘടിച്ച് അന്വേഷിക്കാം.

ഫാമിലി പ്ലാനിംഗ് പ്രോഗ്രാം.

* 644. [11] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഫാമിലി പ്ലാനിംഗ് പ്രോഗ്രാം ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുന്നതിനു ജില്ലകളിലും താലൂക്കുകളിലും ഡിപ്പാർട്ടുമെൻറൽ ഉദ്യോഗസ്ഥന്മാരെ കൂടാതെ മറ്റു പ്രചരണോദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ : ഉണ്ടെങ്കിൽ അവർ ആരൊക്കെയാണ് ;

(ബി) ഗ്രാമീണ ജനങ്ങളുടെ ഇടയിൽ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതിനു ബ്ലോക്കുകൾതോറും ഈ കാര്യത്തിനു പ്രചരണോദ്യോഗസ്ഥന്മാരെ നിയമിക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly